എം.സി.എ നാസർ

# ഭുട്ടോ പുത്രിയുടെ അരുങ്കൊലയും പാകിസ്താനിൽ സംഭവിക്കുന്നതും

**പാകിസ്താനിൽ** ചോരപ്പാടുകളുടെ അധ്യായം അവസാനിക്കുന്നില്ല. ഡിസംബർ 27-ന്റെ വൈകുന്നേരം റാവൽപിണ്ടിയിലെ ലിയാഖത്ത് ബാഗിൽ മുഴങ്ങിയ വെടിയൊച്ചയും ചാവേർ സ്ഫോടനവും പരമ്പരയിൽ അവസാനത്തേതാണെന്നു കരുതാൻ വയ്യ. കൂടുതൽ സങ്കീർണതകളിലേക്കാണ് പാകിസ്താൻ നീങ്ങുന്നത്. അജണ്ടകൾ നിർണയിക്കുന്നത് പുറമെ നിന്നുള്ളവരാകുമ്പോൾ അനുഭവിച്ചുതീർക്കേണ്ടത് പാകിസ്താനും ജനങ്ങളുമാണ്.

1947-ൽ ബ്രിട്ടീഷ് കൊളോണിയലിസം മേഖല വിടുമ്പോൾ മനഃപൂർവം ചെയ്ത അബദ്ധമാണ് പാകിസ്താൻ. വിഭജനത്തിന്റെ ഭീദിതമായ നടുക്കവും ഭാവിയിലേക്കുള്ള നിറഞ്ഞ ശൂന്യതയുമായിരുന്നു മുഹമ്മദലി ജിന്നയുടെ രാഷ്ട്രത്തിന്റെ ആദ്യകൂട്ട്. പേരിൽ വിശുദ്ധിയുണ്ടെങ്കിലും കബന്ധങ്ങളുടെ വഴിത്താരയിൽ നിസ്സഹായമായ നിലവിളികളെ സാക്ഷിയാക്കിയാണ് പാകിസ്താന്റെ അരങ്ങേറ്റവും പ്രയാണവുമൊക്കെ. സംഘർഷവും അനിശ്ചിതത്വവും വിടാതെ പിന്തുടർന്നു. 1951 ഒക്ടോബറിൽ ലിയാഖത്ത് അലിഖാന്റെ കുരുതി. പാകിസ്താന്റെ പ്രഥമ ഭരണഘടന പോലും നിലവിൽവരും മുമ്പായിരുന്നു ഈ ബലിദാനം. റാവൽപിണ്ടി സെൻട്രൽ ജയിലിൽ മറ്റൊരു കുരുതി നടന്നു. 1979 ഏപ്രിൽ നാലിന് സുൽഫിക്കർ അലി ഭുട്ടോയെ തൂക്കിലേറ്റി. സിയാഉൽ ഹഖിന്റെ മരണം ഇന്നും ദുരൂഹമായി അവശേഷിക്കുന്നു. 1985-ൽ ബേനസീറിന്റെ ഇളയ സഹോദരൻ ഷാനവാസ് ഫ്രാൻസിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചു. 1996-ൽ മറ്റൊരു സഹോദരൻ മുർതസ കൊല്ലപ്പെടുന്നു. ഇപ്പോഴിതാ പിന്തുടർച്ചക്കാരനായി മകൻ ബിലാവലിന്റെ അരിയിട്ടു വാഴ്ചയും നടന്നു. ഇരുട്ടിലെവിടെയെങ്കിലും ചില വെടിയുണ്ടകൾ ഇപ്പോഴും ഒളിച്ചിരിപ്പുണ്ടാകും. സൈനികമേധാവിയുടെ, സാമ്രാജ്യത്വത്തിന്റെ, ശിഥിലീകരണശക്തികളുടെ മസ്തിഷ്കങ്ങളിൽ പുതിയ കുരുതിക്ക് പ്ലാനിംഗും നടക്കുന്നുണ്ടാവും. ഓരോ കൊലയും രാഷ്ട്രീയ സമവാക്യങ്ങൾ മാറ്റിമറിക്കുന്നു. കുരുതി സൃഷ്ടിക്കുന്ന സഹതാപതരം

**ഇരുട്ടിലെവിടെയെങ്കിലും ചില വെടിയുണ്ടകൾ ഇപ്പോഴും ഒളിച്ചിരിപ്പുണ്ടാകും. സൈനികമേധാവിയുടെ, സാമ്രാജ്യത്വത്തിന്റെ, ശിഥിലീകരണശക്തികളുടെ മസ്തിഷ്കങ്ങളിൽ പുതിയ കുരുതിക്ക് പ്ലാനിംഗും നടക്കുന്നുണ്ടാവും. ഓരോ കൊലയും രാഷ്ട്രീയ സമവാക്യങ്ങൾ മാറ്റിമറിക്കുന്നു. കുരുതി സൃഷ്ടിക്കുന്ന സഹതാപതരംഗത്തിന്റെ നേട്ടം കൊയ്യാനുള്ള പദ്ധതികളാണ് പിന്തുടർച്ചക്കാർ സ്വപ്നം കാണുന്നത്. നഷ്ടം അപ്പോഴും പാകിസ്താനു തന്നെ.**

ഗത്തിന്റെ നേട്ടം കൊയ്യാനുള്ള പദ്ധതികളാണ് പിന്തുടർച്ചക്കാർ സ്വപ്നം കാണുന്നത്. നഷ്ടം അപ്പോഴും പാകിസ്താനു തന്നെ.

## കൊലക്കു പിന്നിൽ ആരുടെ അജണ്ട?

പാകിസ്താൻ സൈനിക ആസ്ഥാനവും ഐ.എസ്.ഐയുടെ സജീവ സാന്നിധ്യമുള്ള റാവൽപിണ്ടിയിലാണ് ഇത്തവണ കൊല നടന്നത്. അൽഖാഇദയാണ് ബനസീറിനെ വകവരുത്തിയതെന്ന് സ്ഥാപിക്കാനായിരുന്നു മുശർറഫ് ഭരണകൂടത്തിന്റെ ധൃതി. അമേരിക്കയുടെ ആദ്യ പ്രതികരണങ്ങളും അതിനെ ശരിവെച്ചു. പല സത്യങ്ങളും മറച്ചു പിടിക്കാനുള്ള ശ്രമമുണ്ടായി. നട്ടാൽ മുളക്കാത്ത കള്ളങ്ങൾ എഴുന്നള്ളിച്ചു. കാറിന്റെ മേൽഭാഗത്തെ ലിവറിൽ തലയിടിച്ചാണ് മരണമെന്ന് സ്ഥാപിക്കാൻ ആഭ്യന്തര മന്ത്രാലയ വക്താവ് ജാവെദ് ഇഖ്ബാൽ ചീമ വിഫലശ്രമം നടത്തി. എന്നാൽ മയ്യിത്ത് കുളിപ്പിച്ച സഹചാരിയുടെ വെളിപ്പെടുത്തൽ ഈ വാദം നിരാകരിച്ചു. *ചാനൽ ഫോർ* പുറത്തുവിട്ട പുതിയ ഫൂട്ടേജുകൾ ഭരണകൂടത്തെ വെട്ടിലാക്കി. വെടിയേറ്റു തന്നെയാണ് മരണമെന്നു വ്യക്തമാക്കുന്നതായിരുന്നു തെളിവുകൾ. ധൃതിയിൽ പത്രസമ്മേളനം വിളിച്ച് വണ്ടിയുടെ ബോണറ്റ് കഥ പറയാനുള്ള വ്യഗ്രത എന്തിനായിരുന്നു? ലേസർ ആയുധം ഉപയോഗിച്ച് സമർഥമായാണ് കൊല നടന്നതെന്ന മറ്റൊരു സുപ്രധാന തെളിവ് *ഡോൺ* പത്രവും പുറത്തുവിട്ടു. ഈ നൂതന രീതി തീവ്രവാദികൾക്ക് അന്യമാണെന്നും പത്രം വിലയിരുത്തി. ഇതോടെ സർക്കാർ നില പരുങ്ങലിലായി. ബേനസീർ അമേരിക്കയിലെ സുഹൃത്ത് മാർക്ക് സൈഗളിന് അയച്ച ഇമെയിൽ സന്ദേശത്തിൽ ഭരണകൂടം തന്നെ വേട്ടയാടുന്നതിനെ കുറിച്ച് വ്യക്തമായ പരാമർശം തന്നെയുണ്ട്.

ബേനസീർവധത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരും രംഗത്തുവരാതിരുന്നപ്പോൾ ഏറ്റവും സങ്കടപ്പെട്ടത് മാധ്യമങ്ങളാണ്. ഇറ്റാലിയൻ വാർത്താ ഏജൻസി *അദൻക്രൊണോസ് ഇന്റർനാഷ്നലി*നെ മുറിയൻ ഇംഗ്ലീഷിൽ വിളിച്ചറിയിക്കേണ്ടിവന്നു അൽഖാഇദക്ക് കൊലയുടെ പിതൃത്വം നാലാളെ അറിയിക്കാൻ. മുജാഹിദുകളെ തകർക്കാൻ അമേരിക്ക ഇറക്കിയ ഏറ്റവും വിലപ്പെട്ട ഉരുപ്പടിയെ ഉന്മൂലനം ചെയ്തുവെന്നാണത്രെ അൽഖാഇദയുടെ അഫ്ഗാൻ കമാണ്ടർ മുസ്ത്വഫ അബൂ അൽ യസീദ് മുറിയൻ ഇംഗ്ലീഷിൽ അജ്ഞാത കേന്ദ്രത്തിൽനിന്ന് അറിയിച്ചത്!

കൊല നടത്തിയ ആളുടെ പേരു



**രാജീവ് ഗാന്ധിയും ശ്രീലങ്കയിലെ സോളമൻ ഭണ്ഡാര നായകെയും ബംഗ്ലാദേശിലെ മുജീബുർറഹ്മാനും സിയാഉൽ റഹ്മാനുമൊക്കെ മേഖല ചൂഴ്ന്നു നിൽക്കുന്ന സംഘർഷത്തിന്റെ ഇരകളായി മാറുകയായിരുന്നു. സഹതാപ തരംഗത്തിൽ അധികാരത്തിൽ വന്ന ഇന്ദിരാപുത്രൻ രാജീവിനും ഭുട്ടോപുത്രി ബേനസീറിനുമൊക്കെ ജനപിന്തുണയുടെ കുറവുണ്ടായിരുന്നില്ല. എന്നിട്ടും അധികാരത്തിലിരുന്നപ്പോൾ അഴിമതിയുടെ മുദ്രകളേറ്റുവാങ്ങാനായിരുന്നു വിധി. തെരുവിലെ രക്തസാക്ഷിത്വത്തോടെ അതെല്ലാം ജനം മറന്നുവെന്ന് മാത്രം.**

പോലും മുശർറഫിന് ഉറപ്പുണ്ടായിരുന്നു. അൽഖാഇദ കമാണ്ടർ ബൈത്തുല്ല മശ്ഹൂദ്. ഈ വാദവും ദയനീയമാം വിധം പാളി. ഗോത്രവർഗ സംസ്കൃതി അനുസരിച്ച്, 'സ്ത്രീകളെ തങ്ങൾ ആക്രമിക്കാറില്ലെ'ന്ന മശ്ഹൂദിന്റെ പ്രസ്താവന പാക്ജനത പോലും ശരിവെക്കുന്നതാണ് കണ്ടത്. ഒമ്പതു കൊല്ലം നീണ്ട പ്രവാസം മതിയാക്കി ദുബൈയിൽനിന്ന് മടങ്ങിയെത്തിയ ഒക്ടോബർ 18-ന് നടന്ന സ്ഫോടനത്തിൽ പങ്കില്ലെന്ന് ബൈത്തുല്ല മശ്ഹൂദ് ബേനസീറിനെ കത്ത് മുഖേന അറിയിച്ചതാണ്. ഇസ്‌ലാമിൽ വിശ്വസിക്കുന്ന ആർക്കും ഒരു സ്ത്രീയെ വേട്ടയാടാൻ കഴിയില്ലെന്ന് ദുബൈ വിടുംമുമ്പ് ബേനസീർ മാധ്യമ പ്രവർത്തകരോടും പറഞ്ഞിരുന്നു. തീവ്രവാദികൾ തന്നെ വധിക്കുമെന്ന ഭീതി ബേനസീറിന് തരിമ്പും ഉണ്ടായിരുന്നില്ലെന്ന് വ്യക്തം.

ആരാണ് ബേനസീർ വധത്തിനു പിന്നിൽ? ആഭ്യന്തര തീവ്രവാദികൾ, അൽഖാഇദ, മുശർറഫ്? ജനുവരി എട്ടിന് നടക്കേണ്ട തെരഞ്ഞെടുപ്പ് നീട്ടിവെച്ചതോടെ മുശർറഫ് ആശ്വസിക്കുകയാണ്. സഹതാപ തരംഗത്തിൽ ബേനസീറിന്റെ പാർട്ടിക്ക് മേൽക്കൈ കിട്ടുന്ന സാഹചര്യം തൽക്കാലം ഇല്ലാതായി. നേതൃരാഹിത്യം പി.പി.പിയെ ശരിക്കും പ്രതിസന്ധിയിലാക്കിയിരിക്കുന്നു. നവാസ് ശരീഫാണിപ്പോൾ കുറച്ചെങ്കിലും സ്വാധീനമുള്ള ജനനേതാവ്. അദ്ദേഹത്തെയും ഭീഷണിയുടെ നിഴൽ വിടാതെ പിന്തുടരുന്നു. ബേനസീർവധം നടന്ന ഉടൻ മുശർറഫ് പറഞ്ഞു: "തീവ്രവാദശക്തികൾ പാകിസ്താനെ അസ്ഥിരപ്പെടുത്താൻ ഇതിനകം ധാരാളം ചെയ്തുകഴിഞ്ഞു. രാജ്യത്തെ കൂടുതൽ അസ്ഥിരപ്പെടുത്താനുള്ള ശ്രമത്തിലാണവർ".

എന്നാൽ ബേനസീർവധത്തിൽ ഭരണകൂടത്തിന് നേരിട്ടോ പരോക്ഷമായോ വ്യക്തമായ പങ്കുണ്ട് എന്നു തന്നെയാണ് തെളിവുകൾ വ്യക്തമാക്കുന്നത്. തീവ്രവാദ ഭീഷണിയുള്ളതിനാൽ ലക്ഷ്യം എളുപ്പമായെന്നു മാത്രം. ബേനസീറിനെയും നവാസ് ശരീഫിനെയും പാക്മണ്ണിൽ കാലുകുത്താൻ അനുവദിക്കില്ലെന്നായിരുന്നു മുശർറഫിന്റെ ആദ്യ മുന്നറിയിപ്പ്. അമേരിക്കയുടെയും അറബ് രാജ്യങ്ങളുടെയും സമ്മർദത്തെ തുടർന്നാണ് അബൂദബിയിൽ ബേനസീറുമായി ഒരു മണിക്കൂർ രഹസ്യചർച്ചക്ക് ജന

റൽ തയാറായത്. പക്ഷേ, അപ്പോഴും ബേനസീർ തനിക്ക് ഭീഷണിയാകുമെന്ന് ജനറൽ തീർച്ചപ്പെടുത്തിയിരുന്നു. ഭാവിയിൽ അമേരിക്കൻ പിന്തുണ തന്നേക്കാൾ കൂടുതൽ ബേനസീറിന് ലഭിക്കുമെന്നും അദ്ദേഹം കണക്കുകൂട്ടിയിരിക്കും. വ്യക്തിപ്രഭാവമുള്ള മറ്റൊരു നേതൃത്വം പാകിസ്താനിൽ പിറവിയെടുക്കാൻ ഇനി പതിറ്റാണ്ടുകൾ വേണ്ടി വരുമെന്നും ഭരണകൂടത്തിനറിയാം. പക്ഷേ, ഒന്നുണ്ട്. ബേനസീറിന്റെ മൃതദേഹ വിലാപയാത്രയിൽ പോലും അമേരിക്കയെയും മുശർറഫിനെയും വിമർശിക്കുന്ന മുദ്രാവാക്യങ്ങളാണ് ജനങ്ങൾ ഉയർത്തിയത്. യഥാർഥ ശത്രു ആരെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി പാക് രാഷ്ട്രീയത്തിൽ അമേരിക്കൻ സ്വാധീനം ശക്തമാണ്. യാങ്കി ബാന്ധവം ബലപ്പെടുത്താൻ ഇന്ത്യയും പാകിസ്താനും മത്സരിക്കുകയായിരുന്നു. ഇരു രാജ്യങ്ങളെയും മാറിമാറി പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും അമേരിക്ക തങ്ങളുടെ അജണ്ട എളുപ്പമാക്കി. തുടർച്ചയായ രാഷ്ട്രീയ അസ്ഥിരത പാവ ഭരണകൂടങ്ങളെ കൂടുതൽ സാമന്തന്മാരാക്കി തീർക്കുകയും ചെയ്തു.

ബേനസീറിന്റെ കൊലയാളി ആരെന്ന് കണ്ടെത്തുകയല്ല അമേരിക്കൻ ലക്ഷ്യം. അന്വേഷണത്തിന് സ്കോട്ട്ലാന്റ് യാർഡ് പോലിസിനെ വിളിച്ച മുശർറഫിന്റെ ലക്ഷ്യം ആഭ്യന്തര കാലുഷ്യത്തിന് തടയിടുകയാണ്. യു.എസ് ഇതിനെ പിന്തുണക്കുകയും ചെയ്തു. പാകിസ്താനിൽ സൈനിക ഇടപെടൽ വേണ്ടിവരുമെന്ന് അമേരിക്കയിൽ ചിലർ അടക്കം പറഞ്ഞു തുടങ്ങിയിരിക്കുന്നു. വസീറിസ്താൻ മേഖലയാണ് ലക്ഷ്യം. പഷ്തൂൺ വിഭാഗത്തിനിടയിലെ താലിബാൻ അനുകൂല തരംഗവും യാങ്കി വിരോധവും സൈനിക നടപടിക്ക് മതിയായ കാരണങ്ങളാക്കി ഉയർത്തിക്കാട്ടും. പാക് വിദേശകാര്യ മന്ത്രി ഖുർശിദ് കസൂരി കഴിഞ്ഞ ദിവസം സി.എൻ.എൻ ചാനലുമായി നടത്തിയ അഭിമുഖത്തിലും വസീറിസ്താൻ ആശങ്ക കടന്നു വന്നു, കസൂരി അൽപം ശബ്ദമുയർത്തിയാണ് മറുപടി പറഞ്ഞത്: "സാങ്കേതിക രഹസ്യാന്വേഷണത്തിൽ നിങ്ങൾക്കാണ് മേധാവിത്വമെങ്കിൽ ഞങ്ങളുമായി അത് പങ്കുവെക്കണം. ഹൃദയങ്ങളെ കീഴടക്കുന്ന യുദ്ധമാണ് വേണ്ടത്. തോൽക്കുന്ന യുദ്ധങ്ങളല്ല. പാകിസ്താൻ ആർമിയെ നിങ്ങൾ വിശ്വാസത്തിലെടുക്കണം. അല്ലാതെ വന്നാൽ പ്രത്യാഘാതം ഗുരുതരമായിരിക്കും".



*സുൽഫിക്കർ അലി ഭുട്ടോ*

**ആരാണ് ബേനസീർ വധത്തിനു പിന്നിൽ? ആഭ്യന്തര തീവ്രവാദികൾ, അൽഖാഇദ, മുശർറഫ്? ജനുവരി എട്ടിന് നടക്കേണ്ട തെരഞ്ഞെടുപ്പ് നീട്ടിവെച്ചതോടെ മുശർറഫ് ആശ്വസിക്കുകയാണ്. സഹതാപ തരംഗത്തിൽ ബേനസീറിന്റെ പാർട്ടിക്ക് മേൽക്കൈ കിട്ടുന്ന സാഹചര്യം തൽക്കാലം ഇല്ലാതായി. നേതൃരാഹിത്യം പി.പി.പിയെ ശരിക്കും പ്രതിസന്ധിയിലാക്കിയിരിക്കുന്നു. നവാസ് ശരീഫാണിപ്പോൾ കുറച്ചെങ്കിലും സ്വാധീനമുള്ള ജനനേതാവ്. അദ്ദേഹത്തെയും ഭീഷണിയുടെ നിഴൽ വിടാതെ പിന്തുടരുന്നു.**

ബേനസീറിന് സുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് പറഞ്ഞ ഹിലാരി ക്ലിന്റണും പാകിസ്താന്റെ പോക്കിൽ രോഷം കൊണ്ടു. റഫീഖ് ഹരീരിയുടെ വധത്തെ തുടർന്ന് സിറിയക്കെതിരെ നടന്ന പുകിലുകൾ മറക്കാറായിട്ടില്ല. യു.എൻ അന്വേഷണ ഏജൻസിയുമായി സഹകരിച്ചില്ലെങ്കിൽ വിവരമറിയുമെന്ന താക്കീതാണ് ബുഷ് നൽകിയത്. സിറിയൻ ഇന്റലിജൻസാണ് കൃത്യം ചെയ്തതെന്ന മുൻവിധിയുടെ പുറത്തായിരുന്നു ഇതെല്ലാം.

## ബേനസീർ കൊതിച്ചതും പാകിസ്താൻ വിധിച്ചതും

ജനാധിപത്യത്തിനു വേണ്ടി ക്രൂരമായി കൊല ചെയ്യപ്പെട്ട ഒരു രാഷ്ട്രീയ നേതാവ് എന്ന വീരപരിവേഷമാണിപ്പോൾ ബേനസീറിനുള്ളത്. അവരുടെ മുൻകാല ചെയ്തികൾ ജനം മറന്നുകഴിഞ്ഞിരിക്കുന്നു. അപദാനങ്ങളും വാഴ്ത്തിപ്പാടലുകളുമാണ് എങ്ങും. അഴിമതിയുടെയും പാശ്ചാത്യ വിധേയത്വത്തിന്റെയും ഇന്നലെകളിൽ ബേനസീറിന്റെ പങ്ക് ഇനി ആരും ചോദ്യം ചെയ്യില്ല. മുശർറഫുമായുണ്ടാക്കിയ രഹസ്യ കരാറിന്റെ പിന്നാമ്പുറ വർത്തമാനങ്ങളും വിടുക. നേതാവിന്റെ രക്തസാക്ഷിത്വ പദവി ഒരു പാർട്ടിക്ക് നൽകുന്ന മൈലേജ് ചെറുതല്ല. രാജീവ് ഗാന്ധിയും കോൺഗ്രസ്സും ഇതനുഭവിച്ചറിഞ്ഞതാണ്. വെടിയേറ്റ് കൊല്ലപ്പെടുന്നതിന്റെ വീരസ്യം ഒരു തരം ഉന്മാദം പോലെ കൊണ്ടുനടക്കുന്ന പ്രവണത മേഖലയിലെ രാഷ്ട്രീയത്തിന്റെ പതിവുസ്വഭാവം തന്നെയാണ്. 'അമർ രഹേ' മുദ്രാവാക്യങ്ങളുടെ സ്വാഭാവിക വിലാപത്തിനപ്പുറം അതിജയിക്കലിന്റെ രാഷ്ട്രീയതലം ഇവിടെ കാണാം. എല്ലാ ജീവൽപ്രശ്നങ്ങൾക്കും ജനം അതോടെ അവധി കൊടുക്കും. എല്ലാ ക്രൂരതകളും പൊറുക്കും. നാലായിരത്തോളം സിഖുകാരുടെ കൂട്ടക്കശാപ്പിനായിരുന്നല്ലോ 1984 നവംബറിൽ ദൽഹി തെരുവ് സാക്ഷ്യം വഹിച്ചത്. ലർഖാനയിലെ ഖബറിടത്തിൽ ബേനസീർ സ്വാസ്ഥ്യം തേടുമ്പോൾ ഇന്ദിരാവധത്തിന്റെ തെരുവുശേഷക്രിയക്കു സമാനമായ വ്യാപ്തിയിലേക്ക് പാകിസ്താനിൽ സംഘർഷം നീങ്ങിയില്ലെന്നു സമാധാനിക്കുക. അത് പാക് ജനതയുടെ വിവേകം. രാജീവ് ഗാന്ധിയും ശ്രീലങ്കയിലെ സോളമൻ ഭണ്ഡാര നായകെയും ബംഗ്ലാദേശിലെ മുജീബുർറഹ്മാനും സിയാഉൽ റഹ്മാനുമൊക്കെ മേഖല ചൂഴ്ന്നു നിൽക്കുന്ന സംഘർഷത്തിന്റെ ഇരകളായി മാറുകയായിരുന്നു. സഹതാപ തരംഗത്തിൽ അധികാരത്തിൽ വന്ന ഇന്ദിരാപുത്രൻ രാജീവിനും ഭുട്ടോപുത്രി ബേനസീറിനുമൊക്കെ ജനപിന്തുണയുടെ കുറവുണ്ടായിരുന്നില്ല. എന്നിട്ടും അധികാരത്തിലിരുന്നപ്പോൾ അഴിമതിയുടെ മുദ്രകളേറ്റു വാങ്ങാനായിരുന്നു വിധി. തെരുവിലെ രക്തസാക്ഷിത്വത്തോടെ അതെല്ലാം ജനം മറന്നുവെന്നു മാത്രം.

ഹാർവാർഡ് ബിരുദധാരിയായ ബേനസീറിന് പടിഞ്ഞാറൻ ജീവിത രീതിയോട് കടുത്ത ഭ്രമംതന്നെ ഉണ്ടായിരുന്നു. വസ്ത്രധാരണത്തിലും സൗന്ദര്യവർധക വസ്തുക്കളുടെ ഇപയോഗത്തിലും ഇതു കാണാം. ആംഗലഭാഷയിലുള്ള പ്രാവീണ്യം പടിഞ്ഞാറൻ മനസ്സുമായി സംവദിക്കാൻ എളുപ്പമായി. മതാത്മക രാഷ്ട്രീയത്തോടുള്ള എതിർപ്പ് അവരെ പടിഞ്ഞാറിന്റെ പ്രിയങ്കരിയാക്കി. പാകിസ്താന്റെ ഫ്യൂഡൽ പ്രകൃതം നോക്കിലും വാക്കിലും അവർ നിലനിർത്തി. രണ്ടു തവണ പ്രധാനമന്ത്രിപദത്തിൽ എത്തിയെങ്കിലും സുപ്രധാന നിയമനിർമാണമൊന്നും നടത്താൻ ബേനസീറിനു കഴിഞ്ഞില്ല. നാട്ടിൽ തിരിച്ചെത്തിയ നവാ

സ് ശരീഫിനെ അതേ വിമാനത്തിൽ പറഞ്ഞുവിട്ടപ്പോൾ മാധ്യമ പ്രവർത്തകർ എത്ര നിർബന്ധിച്ചിട്ടും ഒന്നു പ്രതികരിക്കാൻ പോലും അവർ കൂട്ടാക്കിയില്ല. ബേനസീറിന്റെ മാത്രം പരിമിതിയല്ല ഇത്.

ഭരണകൂടവും പാക് നേതൃത്വവും എന്നും വരേണ്യ താൽപര്യം സംരക്ഷിക്കാൻ മാത്രമാണ് മത്സരിച്ചത്. ഷാനവാസ് ഭുട്ടോ മുതൽ ബിലാവൽ സർദാരി വരെ നീളുന്ന കുടുംബ വാഴ്ചയുടെ പ്രതീകങ്ങൾക്ക് എന്നും ചെറിയൊരു ശതമാനം വരുന്ന സമ്പന്ന വിഭാഗത്തോടായിരുന്നു താൽപര്യം. ഭൂവുടമകൾ, വ്യവസായികൾ, രാഷ്ട്രീയം-എല്ലാം പരസ്പര ബന്ധിതമായി നിലനിൽക്കുന്ന പാക് ഘടനയിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ ശബ്ദത്തിന് ഒരു കാലത്തും വില ഉണ്ടായിട്ടില്ല. നേതാക്കളും പാർട്ടികളും ഒഴിച്ചിട്ട ഈ ശൂന്യതയിൽ കാലുറപ്പിക്കാൻ അൽപമെങ്കിലും സാധിച്ചത് ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെട്ട ഇസ്‌ലാമിക സഖ്യത്തിനാണ്. പക്ഷേ, അടിയാഴുക്കുകൾ നിർധാരണം ചെയ്യുന്നതിലും പൊതുധാരണ രൂപപ്പെടുത്തി പ്രായോഗിക നടപടികൾ കൈക്കൊള്ളുന്നതിലും ഇവർക്കും വിജയിക്കാനായില്ല. സംഘടനകളുടെ പിഴവുകൊണ്ട് മാത്രമല്ലിത്. പാകിസ്താനിലെ സാമൂഹിക സാഹചര്യങ്ങളുടെ സവിശേഷ പ്രകൃതത്തിന്റെ കുഴപ്പംകൂടിയാണിത്. പ്രമുഖ രാഷ്ട്രീയ കോളമിസ്റ്റ് ആഇശ സിദ്ദീഖയുടെ വിലയിരുത്തൽ നോക്കുക: "ഭരണകൂടത്തിൽനിന്ന് പാവങ്ങൾക്ക് ലഭിക്കേണ്ട പലതും ഉണ്ട്. എന്നാൽ ഇത് തിരിച്ചറിയുന്ന ഒരു സാഹചര്യം ഉണ്ടാക്കുന്നതിൽ സൈന്യവും രാഷ്ട്രീയ പാർട്ടികളും ഒരുപോലെ പരാജയപ്പെട്ടു. നീതിയുടെ ബദൽ മാർഗങ്ങൾ തേടാൻ പാവങ്ങൾ നിർബന്ധിതരായിരിക്കുന്നു. ഭാവിയിൽ ഇപ്പോഴത്തെ സംവിധാനത്തിൽ മതമൗലികവാദികൾക്ക് കൂടുതൽ ഇടം ലഭിക്കുന്നതിലേക്കാണ് കാര്യങ്ങളുടെ പോക്ക്..."

സാമൂഹികനീതി നിഷേധിക്കപ്പെടുന്നു എന്നതാണ് ആറു പതിറ്റാണ്ടായി പാകിസ്താന്റെ മുഖ്യ പ്രശ്നം. ഈ ലക്ഷ്യം നടപ്പാക്കാൻ നല്ല ബദലുകൾ ഉണ്ടെന്ന് തെളിയിക്കാൻ രാഷ്ട്രീയക്ഷികൾക്ക് കഴിയണം.

അഴിമതി, വരേണ്യ സ്വഭാവമുള്ള രാഷ്ട്രീയം, യാങ്കിഭ്രമമുള്ള സൈനിക ഭരണം ഈ മൂന്നിനോടുമുള്ള വിയോജിപ്പ് പാകിസ്താനിൽ ശക്തമാണ്. ഇതു പക്ഷേ, വിജയത്തിലെത്താൻ സമയമെടുക്കും. ഇസ്‌ലാമാബാദ് ലാൽ മസ്ജിദ് സംഭവത്തിൽ കൊല്ലപ്പെടും മുമ്പ് അബ്ദുർറാശിദ് ഖാദി പറഞ്ഞതും സാമൂഹികനീതിയിലേക്ക് പാകിസ്താനെ എത്തിക്കാതെ ആർക്കും രക്ഷയില്ലെന്നാണ്.


ആസിഫ് സർദാരി, മകൻ ബിലാവൽ

## യാങ്കി-മുശർറഫ് അച്ചുതണ്ടിന്റെ ഭാവി

അമേരിക്കയിൽ നടന്ന ആക്രമണത്തോടെയാണ് മുശർറഫ് ബുഷിന്റെ ഏറ്റവും അടുത്ത കൂട്ടാളിയാവുന്നത്. തന്റെ സൈനിക മിടുക്ക് മുശർറഫ് പുറത്തെടുത്തു. 'സ്വാതന്ത്ര്യത്തിന്റെ തീനാളം ലോകത്തെ ഇരുണ്ട കോണുകൾ വരെ എത്തു'മെന്ന ബുഷിന്റെ വാക്കുകളുടെ പൊരുൾ ആദ്യമൊന്നും ആർക്കും പിടികിട്ടിയിരുന്നില്ല. സൈനിക ബൂട്ടുകളിലൂടെ രൂപപ്പെടുത്തുന്ന അധിനിവേശ സ്വാതന്ത്ര്യത്തെ കുറിച്ചായിരുന്നു അന്ന് ബുഷ് പറഞ്ഞുവെച്ചത്. ആദ്യ അരങ്ങേറ്റം അഫ്ഗാനിലായിരുന്നു. മുസ്‌ലിംലോകത്തെ ലക്ഷ്യം വെച്ചുള്ള നീക്കത്തിന്റെ ആരംഭം. മേഖലയിൽ തന്റെ ഏറ്റവും വിശ്വസ്തനായ കൂട്ടാളിയാണ് മുശർറഫ് എന്ന് ബുഷ് പല തവണ പറഞ്ഞു. പട്ടാള ജനറൽ സംതൃപ്തനായി. ഏറ്റവും ചുരുങ്ങിയത് 10 ബില്യൻ ഡോളറെങ്കിലും കനിഞ്ഞു കിട്ടി. ആഗോള തീവ്രവാദവിരുദ്ധ വേട്ടയിൽ സഹായിക്കുന്നതിനാൽ മറ്റെല്ലാം മറന്നു. 1999-ൽ സൈനിക അട്ടിമറിയിലൂടെ അധികാരം പിടിച്ചതു മുതൽ സമഗ്രാധിപത്യത്വര പ്രകടമായിരുന്നു മുശർറഫിൽ. അറബ് ലോകത്തിന്റെ പിന്തുണയും ബുഷിന്റെ അനുഗ്രഹവും ഉണ്ടെങ്കിൽ എല്ലാം കൈപ്പിടിയിൽ ഒതുക്കാമെന്നു നിനച്ചു. നവംബർ മൂന്നിന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. സമ്മർദം കാരണം ഡിസംബർ 15-ന് അതു പിൻവലിക്കേണ്ടിവന്നു. അതുകഴിഞ്ഞാണ് ബേനസീറിന്റെ വധം.

പുതിയ അഫ്ഗാന് അടിത്തറ പാകാൻ യാങ്കിക്ക് മുശർറഫിന്റെ പാകിസ്താൻ വേണമായിരുന്നു. ജനറലിന്റെ ജനാധിപത്യവിരുദ്ധ നടപടികളെ കുറിച്ചു പോലും ബുഷ് മൗനം പാലിച്ചു. നിർബന്ധത്തിനു വഴങ്ങിയാണ് ഇലക്ഷൻ നടത്താൻ ജനറൽ തയാറായതുതന്നെ. പാകിസ്താന്റെ വിധിയെ തങ്ങൾ വേണം നിർണയിക്കാനെന്ന ധാർഷ്ട്യം വൈറ്റ്ഹൗസിനുണ്ട്. രണ്ടാമൂഴത്തിൽ ബുഷ് പറഞ്ഞതോർക്കുക: 'ആത്യന്തിക ലക്ഷ്യം ലോകത്ത് സ്വേഛാ ഭരണകൂടങ്ങൾക്ക് അറുതിവരുത്തുകയാണ്'. അഫ്ഗാനിലും പാകിസ്താനിലും ഇറാഖിലും വെസ്റ്റ് ബാങ്കിലും സ്വേഛാ നേതൃത്വത്തെ ഇപ്പോഴും തുണച്ചുകൊണ്ടേയിരിക്കുന്നു. 'ഒന്നുകിൽ ഞങ്ങൾക്കൊപ്പം, അല്ലെങ്കിൽ തീവ്രവാദികൾക്കൊപ്പം' എന്നായിരുന്നു സെപ്റ്റംബർ 11-നു ശേഷമുള്ള പ്രഖ്യാപനം. 1979 മുതൽ '93 വരെ അഫ്ഗാനിലെ ചെറുത്തുനിൽപ് പോരാളികളോട് അമേരിക്കക്ക് താൽപര്യമായിരുന്നു. റഷ്യൻ സാമ്രാജ്യത്വമായിരുന്നു അന്നത്തെ ഉന്നം. 1996-ൽ താലിബാൻ അധികാരത്തിലെത്തി. അഫ്ഗാൻ എണ്ണ പൈപ്പ്‌ലൈൻ നിർമാണത്തിന് വാഷിംഗ്ടൺ സഹായം ലഭിച്ചു. പാകിസ്താനിലെ ഐ.എസ്.ഐ മുഖേന സി.ഐ.എയുടെ പിന്തുണയും കിട്ടി. മധ്യേഷ്യൻ റിപ്പബ്ലിക്കുകളിലേക്ക് വാണിജ്യ പാതയായിരുന്നു അന്ന് യാങ്കിയുടെ ലക്ഷ്യം. ഇതിന് താലിബാൻ ഗുണം ചെയ്യുമെന്നു കണ്ടു. ബിൻലാദിനെ വിട്ടുകൊടുക്കണമെന്ന ആവശ്യത്തോട് പഷ്തൂൺ ഗോത്രവീര്യം എതിരുനിന്നപ്പോൾ പിന്നെ സൈനിക നടപടിയായി. താലിബാനെ നേരിടുന്നതിൽ സഹായിച്ചില്ലെ

# ദേശീയ ഗവൺമെന്റ് രൂപവത്കരിക്കണം – ഖാദി ഹുസൈൻ



**'മുശർറഫ്** പ്രസിഡന്റ് സ്ഥാനം രാജിവെക്കണം. അതൊരു ദേശീയ മുറവിളിയായി ഉയർന്നുവന്നിരിക്കുന്നു' പാകിസ്താനിലെ മുഖ്യ പ്രതിപക്ഷ കക്ഷികളിലൊന്നായ മുത്തഹിദ മജ്‌ലിസെ അമലി(എം.എം.എ)ന്റെ അധ്യക്ഷനും പാക് ജമാഅത്തെ ഇസ്‌ലാമി അമീറുമായ ഖാദി ഹുസൈൻ അഹ്മദ് ആവശ്യപ്പെട്ടു. ഏറക്കുറെ സ്വതന്ത്രമായ പാകിസ്താനിലെ നീതിന്യായ വ്യവസ്ഥ നേരത്തേ അട്ടിമറിക്കപ്പെട്ടു. തെരഞ്ഞെടുപ്പ് കമീഷനാണെങ്കിൽ ഒട്ടും നിഷ്പക്ഷമല്ല. തെരഞ്ഞെടുപ്പ് നടത്തുന്നതാകട്ടെ പർവേസ് മുശർഫും. ഇത്തരമൊരു അവസ്ഥയിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനിച്ച രാഷ്ട്രീയ പാർട്ടികൾ വലിയൊരു ചതിക്കുഴിയിലാണ് വീണിരിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒട്ടും സംശുദ്ധമാവാൻ സാധ്യതയില്ലാത്ത തെരഞ്ഞെടുപ്പിൽ പങ്കാളിയാവുന്നതിനു പകരം യഥാർഥ പ്രശ്നമെന്താണെന്ന് ഓരോ പാർട്ടിയും തിരിച്ചറിയണം. കൂട്ടായി ഇരുന്ന് എങ്ങനെ സംശുദ്ധമായ തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്ന് ആലോചിക്കണം.

1973-ൽ അംഗീകരിച്ച ഭരണഘടന പുനഃസ്ഥാപിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തണം എന്നാണ് ഞങ്ങൾക്ക് നിർദേശിക്കാനുള്ളത്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അംഗീകാരം ഇതിന് ലഭിച്ചിട്ടുണ്ട്. സ്വതന്ത്രമായ നീതിന്യായവും പാർലമെന്റ് ഉൾപ്പെടെയുള്ള ജനാധിപത്യ സ്ഥാപനങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതാണ് ഈ ഭരണഘടന.

മുശർറഫ് രാജിവെച്ചൊഴിഞ്ഞാലേ സംശുദ്ധമായ തെരഞ്ഞെടുപ്പ് സാധ്യമാവൂ. ഒപ്പം സ്വതന്ത്രമായ തെരഞ്ഞെടുപ്പ് കമീഷനെ നിയമിക്കുകയും പുറത്താക്കപ്പെട്ട ജഡ്ജിമാരെ തിരികെ കൊണ്ടുവരികയും വേണം. ഇതിന് എല്ലാ പാർട്ടികളും ചേർന്ന് ഇടക്കാല ദേശീയ ഗവൺമെന്റ് രൂപീകരിക്കുകയാണ് ആദ്യം വേണ്ടത്.

ബേനസീർ വധത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചൗധരി മുഹമ്മദ് ഇഫ്തിഖാർ, സഊദുസ്സമാൻ സിദ്ദീഖി, വജീഹുദ്ദീൻ അഹ്മദ് എന്നീ ജഡ്ജിമാർ ഉൾപ്പെടുന്ന ഒരു സംഘത്തെയാണ് അന്വേഷണച്ചുമതല ഏൽപിക്കേണ്ടത്. അന്വേഷണം വിദേശ ഏജൻസിയെ ഏൽപിക്കണം എന്ന വാദം അംഗീകരിക്കാനാവില്ല. കാരണം അമേരിക്കയാവും അതിന് ചുക്കാൻ പിടിക്കുക. പാകിസ്താനെ ഒരു പരാജയപ്പെട്ട രാഷ്ട്രമായി അമേരിക്ക ചിത്രീകരിക്കുന്നത് പാകിസ്താനെതിരെ സൈനികാക്രമണം നടത്തുമെന്നതിന്റെ സൂചനയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ■

ങ്കിൽ പ്രത്യാഘാതമുണ്ടാകുമെന്നായിരുന്നു റിച്ചാർഡ് ആർമിറ്റാഷ് മുഖേന കോളിൻ പവൽ മുശർറഫിന് നൽകിയ മുന്നറിയിപ്പ്. ഇതോടെ ജനറൽ ഇഴഞ്ഞു. പ്രത്യുപകാരമായി 1998-ൽ ആണവ പരീക്ഷണത്തെ തുടർന്ന് ഏർപ്പെടുത്തിയ ഉപരോധം അമേരിക്ക എടുത്തുമാറ്റി.

### ആറു പതിറ്റാണ്ടിന്റെ ബാക്കിപത്രം

ഭൂപ്രഭുക്കളുടെയും ഫ്യൂഡൽ കാഴ്ചപ്പാടുകളുടെയും കുടുംബ മേധാവിത്വത്തിന്റെയും സാമൂഹികക്രമമാണ് ആറു പതിറ്റാണ്ടുകളായി ജിന്നയുടെ പാകിസ്താനു പറയാനുള്ളത്. പുറമേക്ക് ആധുനിക വികസിത രാഷ്ട്ര ക്രമം ഉണ്ടായിരിക്കാം. ജനാധിപത്യത്തിന്റെ നിസ്തുല മാതൃകയായി ഇപ്പോൾ മാധ്യമങ്ങൾ കൊണ്ടാടുന്ന സാക്ഷാൽ ബേനസീർ അധികാരത്തിലിരുന്നപ്പോഴും പഴയ ഫ്യൂഡൽക്രമത്തിന്റെ എല്ലാ ചേരുവകളും പ്രകടമായി. നിയമവിരുദ്ധ കൊലകളും നിരന്തര പീഡനങ്ങളും ഉയർന്ന തോതിലുള്ള കസ്റ്റഡി മരണങ്ങളും ഭരണത്തിന്റെ ഭാഗമായി. ആംനസ്റ്റി ഇന്റർനാഷ്നൽ റിപ്പോർട്ടിന്റെ രത്നചുരുക്കം ഇങ്ങനെ: "പാർട്ടിക്കുള്ളിൽ, പി.പി.പിയുടെ ആജീവനാന്ത പ്രസിഡന്റായി ബേനസീർ സ്വയം പ്രഖ്യാപിച്ചു. എതിരാകുമെന്നു കണ്ടപ്പോൾ സ്വന്തം സഹോദരൻ മുർതസ ഭുട്ടോയെ പോലും ഭരണകൂടം വെറുതെ വിട്ടില്ല. ദുരൂഹ സാഹചര്യത്തിൽ കുടുംബ വസതിക്കു പുറത്ത് വെടിയേറ്റു കൊല്ലപ്പെടുകയായിരുന്നു മുർതസ. അയാളുടെ ഭാര്യ ഗിൻവയും മകൾ ഫാത്വിമയും എന്തിന് ബേനസീറിന്റെ മാതാവ് പോലും പറഞ്ഞു, ബേനസീർ നിർദേശപ്രകാരം നടന്ന കൊലയാണതെന്ന്.'

കൊളോണിയൽ ശക്തികൾക്ക് ഇറങ്ങിക്കളിക്കാൻ എന്നും ധൈര്യം പകർന്നത് ഇതേ സാമൂഹിക ഘടകങ്ങളും വിധേയത്വത്തിന്റെ താവഴിക്രമവും തന്നെ. പ്രകൃതി വിഭവങ്ങളും മാനവവിഭവശേഷിയും കൊണ്ട് സമ്പന്നമായ 'വിശുദ്ധ'മണ്ണിന്റെ ധനം കൊള്ളയടിക്കാൻ രാഷ്ട്രീയ-സൈനിക മേധാവികൾക്ക് എളുപ്പം കഴിയുന്നു. ബേനസീർ കുടുംബത്തിനു മാത്രം പാശ്ചാത്യ രാജ്യങ്ങളിലെ വിദേശ ബാങ്കുകളിൽ നൂറ് ദശലക്ഷം ഡോളറിൽ കൂടുതൽ സമ്പാദ്യമുണ്ട്. പി.പി.പിയുടെ പുതിയ രാഷ്ട്രീയ കേന്ദ്രമാ

യി മാറിയ ആസിഫ് അലി സർദാരിയാണ് ഈ കൊള്ളക്ക് നായകത്വം വഹിച്ചത്. ബേനസീർ അധികാരത്തിലിരിക്കെ, ഏറ്റവും നല്ല ഇടനിലക്കാരന്റെ റോളായിരുന്നു സർദാരിക്ക്. സ്വർണ ഇറക്കുമതിക്ക് അനുമതി വാങ്ങികൊടുക്കുന്നതിലൂടെ മാത്രം 10 ദശലക്ഷം ഡോളറാണ് സർദാരി കൈപ്പറ്റിയതെന്ന് പിന്നീട് അന്വേഷണത്തിൽ തെളിഞ്ഞു. സർദാരിയുടെ ജയിൽശിക്ഷയെ രാഷ്ട്രീയപ്രേരിതമെന്ന് ആരും കുറ്റപ്പെടുത്തിയില്ല. ബേനസീർ മരിച്ചപ്പോഴും സർദാരിയെ പ്രധാനമന്ത്രി പദത്തിന്റെ ഉരുപ്പടിയാക്കാൻ കൊള്ളില്ലെന്ന് ലർക്കാനയിൽ സംഗമിച്ച പി.പി.പി നേതൃയോഗം പോലും വിലയിരുത്തിയത് വെറുതെയല്ല. എന്നാൽ കുടുംബവാഴ്ചയുടെ വൈകാരികത സമർഥമായി മുതലെടുക്കാനാണ് സർദാരിയുടെ മോഹം. അമീൻ മഖ്ദൂം ഫഹീമിനെ പോലെ കാര്യപ്രാപ്തിയുള്ള നേതാക്കളെ പ്രധാനമന്ത്രി പദത്തിലേക്ക് ഉയർത്തിക്കാട്ടാൻ കഴിഞ്ഞിരുന്നുവെങ്കിൽ സൈനിക ജനറൽമാരുടെ ഹുങ്കിനിടയിൽ പക്വമായ ജനാധിപത്യസ്വഭാവം രൂപപ്പെടുത്തിയെടുക്കാൻ കുറച്ചെങ്കിലും കഴിഞ്ഞേനെ. അമേരിക്കൻ അജണ്ടകൾക്ക് തങ്ങളുടെ മണ്ണ് വിൽക്കപ്പെടുന്നതിനെ ജനത ചെറുക്കും.പാകിസ്താന്റെ ആണവായുധങ്ങൾ തീവ്രവാദികളുടെ കൈയിൽ എത്തിയേക്കുമെന്നതു മാത്രമാണ് യാങ്കി പറയുന്ന ആശങ്ക. പാകിസ്താന്റെ ദൈനംദിന ആഭ്യന്തര കാര്യങ്ങളിൽ പോലും ഇടപെടാൻ യാങ്കി തുനിയുന്നതാണ് പ്രശ്നം. ആഭ്യന്തര സമസ്യകൾക്ക് പരിഹാരം കാണുന്നത് പാകിസ്താനു തന്നെ വിടുന്നതല്ലേ ബുദ്ധി?

ദാരിദ്ര്യം വേട്ടയാടുന്ന, വിദേശകടം അതിരുകവിഞ്ഞ ഒരു രാഷ്ട്രത്തിന് അടിയന്തരമായി വേണ്ടത് സ്വന്തം ജനതയോടും രാജ്യത്തോടും പ്രതിബദ്ധതയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും നേതാക്കളുമാണ്. ബേനസീർ കുടുംബത്തിനും നവാസ് ശരീഫിനും ഈ വിശ്വാസ്യത ആർജിച്ചെടുക്കുക എളുപ്പമല്ല. ഇസ്‌ലാമിക സംഘടനകളാകട്ടെ, ഇലക്ഷൻ ബഹിഷ്കരണ നീക്കത്തിൽ ഉറച്ചുനിൽക്കുന്നു. പൊതുസമൂഹത്തിന്റെ നിരാശ മുതലെടുത്ത് തീവ്രവാദ സമീപനങ്ങൾ തഴച്ചുവളരാനുള്ള സാധ്യതയും തള്ളിക്കളഞ്ഞുകൂടാ.

മുശർറഫിനെ കൈവിടാൻ അമേരിക്കയും പടിഞ്ഞാറും തൽക്കാലം ഒരുക്കമല്ല. മുശർറഫിന്റെ പാർട്ടി വഴിയാധാരമാകുന്നത് യാങ്കി സമ്മതിക്കില്ല. ഇലക്ഷൻ മാറ്റിവെക്കാനുള്ള തീർപ്പ് പോലും വൈറ്റ് ഹൗസിൽനിന്നുണ്ടായതാണ്. ഇസ്‌ലാമിസ്റ്റുകളുടെ കൈയിലേക്ക് പാകിസ്താൻ മാറുന്നത് തടയാൻ ഏതറ്റം വരെയും അമേരിക്ക പോകും. രാഷ്ട്രീയവും സൈനികവുമായ ഇടപെടലുകൾ തുടർന്നുകൊണ്ടേയിരിക്കും. മേഖല അമേരിക്കക്ക് അത്രമാത്രം വിലപ്പെട്ടതാണ്. സൗദി ഉൾപ്പെടെ അറബ് രാജ്യങ്ങളും പാകിസ്താന്റെ പോക്കിൽ അസ്വസ്ഥരാണ്. എന്നാൽ തൽക്കാലം ഇവർക്കൊന്നും മുശർറഫ് അല്ലാതെ മറ്റൊരു ബദലില്ല. ഇവിടെയാണ് യഥാർഥ പാക് ദുരന്തം. ■